**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **19-09-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയ്ക്ക് വ്യവസായ മേഖലയ്ക്ക് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി സബ്സിഡികൾ നൽകി വരുന്നു.<br><br>• കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് കാരവൻ വാങ്ങുന്ന സ്വകാര്യ സംരംഭകർക്ക് ടൂറിസം വകുപ്പുമായി കരാറിൽ ഏർപ്പെടുന്ന പക്ഷം സബ്സിഡിയായി മുതൽമുടക്കിന്റെ 15% അല്ലെങ്കിൽ 7.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി വകുപ്പ് നിലവിൽ നൽകി വരുന്നു.<br>• 50 വർഷത്തിലേറെ പഴക്കമുള്ളതും പരമ്പരാഗത കേരളീയ വാസ്തുവിദ്യയുടെ സവിശേഷതകളുള്ളതുമായ പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിനും ആയത് ടൂറിസം വിപണനത്തിനായി ഉപയോഗിക്കുന്നതിനുമായി, പ്രസ്തുത കെട്ടിടങ്ങളുടെ പുനരുദ്ധാരണ ചെലവിന്റെ 25% തുക(പരമാവധി 5 ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന ഗൃഹസ്ഥലി എന്ന സ്കീം നിലവിലുണ്ട്.<br>• സംസ്ഥാനത്തെ ക്ലാസിഫൈഡ് ഹോട്ടലുകളടക്കമുള്ള ടൂറിസം സ്ഥാപനങ്ങൾക്ക് വൈദ്യുതി താരിഫ് ഇനത്തിൽ സബ്സിഡി നൽകിയിരുന്നു.<br><br>ടൂറിസം മേഖലയിലെ വിവിധ നിക്ഷപാവസരങ്ങൾ നിക്ഷേപകർക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനായി 2023 നവംബർ 16ന് വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച പരിപാടിയാണ് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്(TIM). ഇതിന്റെ ഭാഗമായി സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും, സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവിധ സ്റ്റാർട്ടപ്പ് പദ്ധതികളും അവതരിപ്പിക്കപ്പെട്ടിരുന്നു. TIM 2023 മായി ബന്ധപ്പെട്ട് പ്രോപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ TIM-ുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി PMU & FC (Engagement of Project Management Unit and Facilitation Service) രൂപീകരിച്ചിട്ടുണ്ട്.<br><br>ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട സ്വകാര്യ പദ്ധതികൾ തടസ്സമില്ലാതെ ആരംഭിക്കാൻ, വിവിധ അനുമതികൾക്കായി കേരള സർക്കാരിനു കീഴിലുള്ള സംവിധാനമായ K-SWIFT പോർട്ടൽ വഴി സൗകര്യമൊരുക്കുന്നുണ്ട്. |
| (ബി) | ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നവർക്കായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്; | (ബി) | സംസ്ഥാനത്തെ ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി സബ്സിഡികൾ നൽകി വരുന്നു.<br><br>• കാരവൻ ടൂറിസവുമായി ബന്ധപ്പെട്ടു കാരവൻ വാങ്ങുന്ന സ്വകാര്യ സംരംഭകർക്ക് ടൂറിസം വകുപ്പുമായി കരാറിൽ ഏർപ്പെടുന്ന പക്ഷം സബ്സിഡിയായി മുതൽമുടക്കിന്റെ 15% അല്ലെങ്കിൽ 7.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി വകുപ്പ് നിലവിൽ നൽകി വരുന്നു.<br>• 50 വർഷത്തിലേറെ പഴക്കമുള്ളതും പരമ്പരാഗത കേരളീയ വാസ്തുവിദ്യയുടെ സവിശേഷതകളുള്ളതുമായ പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിനും ആയത് ടൂറിസം വിപണനത്തിനായി ഉപയോഗിക്കുന്നതിനുമായി, പ്രസ്തുത കെട്ടിടങ്ങളുടെ പുനരുദ്ധാരണ ചെലവിന്റെ 25% തുക(പരമാവധി 5 ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന ഗൃഹസ്ഥലി എന്ന സ്കീം നിലവിലുണ്ട്.<br>• സംസ്ഥാനത്തെ ക്ലാസിഫൈഡ് ഹോട്ടലുകളടക്കമുള്ള ടൂറിസം സ്ഥാപനങ്ങൾക്ക് വൈദ്യുതി താരിഫ് ഇനത്തിൽ സബ്സിഡി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | ടൂറിസം മേഖലയിലെ വിവിധ നിക്ഷപാവസരങ്ങൾ നിക്ഷേപകർക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനായി 2023 നവംബർ 16ന് വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച പരിപാടിയാണ് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്(TIM). ഇതിന്റെ ഭാഗമായി സർക്കാരിന്റെ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും, സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവിധ സ്റ്റാർട്ടപ്പ് പദ്ധതികളും അവതരിപ്പിക്കപ്പെട്ടിരുന്നു. TIM 2023 മായി ബന്ധപ്പെട്ട് പ്രോപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ TIM-ുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി PMU & FC (Engagement of Project Management Unit and Facilitation Service) രൂപീകരിച്ചിട്ടുണ്ട്.<br><br>ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട സ്വകാര്യ പദ്ധതികൾ തടസ്സമില്ലാതെ ആരംഭിക്കാൻ, വിവിധ അനുമതികൾക്കായി കേരള സർക്കാരിനു കീഴിലുള്ള സംവിധാനമായ K-SWIFT പോർട്ടൽ വഴി സൗകര്യമൊരുക്കുന്നുണ്ട്. |
| (സി) | അൻപത് വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ ഹെറിറ്റേജ് ടൂറിസം മേഖലയ്ക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതി പ്രകാരം, 50 വർഷത്തിലേറെ പഴക്കമുള്ളതും പരമ്പരാഗത കേരളീയ വാസ്തു വിദ്യയുടെ സവിശേഷതകളുള്ളതുമായ കെട്ടിടങ്ങളുടെ ഉടമകൾക്ക് കെട്ടിടം നവീകരിക്കുന്നതിനായി എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവർത്തനക്ഷമമായ പദ്ധതികൾക്ക് നിക്ഷേപക സബ്സിഡിയായി 25% തുക (പരമാവധി 5 ലക്ഷം രൂപ) അനുവദിച്ച് വരുന്നുണ്ട്. |
| (ഡി) | ടൂറിസം ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രധാന ലക്ഷ്യം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചതിനു തുടർച്ചയായി ടൂറിസം മേഖലയിലെ നിക്ഷേപവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിവിധ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക, അവയ്ക്കാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുക, നിക്ഷേപകർക്ക് ആവശ്യമായ ഫെസിലിറ്റേറ്ററി സേവനങ്ങൾ ലഭ്യമാക്കുക, നവസംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുക,നയപരമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക, സിംഗിൾ വിന്റോ സേവനങ്ങൾ എളുപ്പമാക്കുക,നിക്ഷേപ നിർദ്ദേശങ്ങളുടെ വിലയിരുത്തൽ നടത്തുക, മുതലായവയാണ് ടൂറിസം |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ലക്ഷ്യമിടുന്നത്.<br><br>ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സാങ്കേതികവും മാനേജീരിയലുമായ പിന്തുണ നൽകുന്നതിന് ഒരു പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ